# കിബെഹൊ

**ഒ**രു ഭീകരയുദ്ധം ഒഴിവാക്കാൻ – മാനസാന്തരപ്പെടുക, പ്രാർത്ഥിക്കുക, പ്രായശ്ചിത്തം ചെയ്യുക, ഉപവസിക്കുക.1994ൽ ഉണ്ടായ ഭീകരയുദ്ധത്തെക്കുറിച്ച് 1984ൽ പരിശുദ്ധ അമ്മ മുന്നറിയിപ്പു നൽകി.റുവാൻഡയിലെ കിബെഹൊയിലുണ്ടായ ദുഃഖിതയായ നമ്മുടെ അമ്മയുടെ സന്ദേശങ്ങൾ – 2001 ജൂണിൽ , കിബെഹൊയിലെ ദർശനങ്ങളെ സഭ ഔദ്യോഗികമായി അംഗീകരിച്ചു.

1980 മുതൽ 1981 വരെ രാജ്യത്ത് നശീകരണപ്രവണത അനിയന്ത്രിതമായിരുന്നു. മാതാവിന്റെ എല്ലാ രൂപങ്ങളും നശിപ്പിക്കപ്പെട്ടു. ചിലത് കളവു പോയി. ചില വൈദികർ പോലും കൊന്ത എത്തിക്കാതായി. തെറ്റായ മതപഠനങ്ങളുടെ കാലഘട്ടമായിരുന്നു അത്. ക്രിസ്ത്യാനികൾ നിന്ദിക്കപ്പെട്ടിരുന്നു. ഈ സമയത്താണ് പരിശുദ്ധ അമ്മ റുവാൻഡ, സന്ദർശിക്കാൻ തീരുമാനിക്കുന്നത്. റുവാൻഡയിലെ ഏറ്റവും ദരിദ്ര പ്രദേശമായിരുന്നു കിബെഹൊ.

### ആദ്യത്തെ ദർശനം

കിബേഹോയിലെ ആദ്യ ദർശനം ലഭിച്ചത് 17 വയസ്സുള്ള അൽഫോൻസിൻ മുംറെക്കിനായിരുന്നു. ഭക്തയായിരുന്ന അവൾക്ക് മാതാവിനോട് പ്രത്യേക ഭക്തി ഉണ്ടായിരുന്നു. വി. കുർബ്ബാനയ്ക്കു പോകുന്നതിൽ അവൾ തല്പരയായിരുന്നു. 1981 നവംബർ 28, ശനിയാഴ്ചയായിരുന്നു, അത്. ഉച്ചയ്ക്ക് 12.35ന് ഊണു മുറിയിൽ കൂട്ടുകാരികൾക്കു ഭക്ഷണം വിളമ്പുന്നതിനിടയിൽ അവളെ വിളിക്കുന്നതായി ഒരു സ്വരം അവൾ കേട്ടു. ഇടനാഴിയിലേക്ക് ചെന്നപ്പോൾ അവൾ സുന്ദരിയായ ഒരു യുവതിയെ കണ്ടു. അവൾ മുട്ടുകുത്തി കുരിശുവരച്ച് ആരാണ് നീ എന്ന് ചോദിച്ചു. യുവതി പറഞ്ഞു: "ലോകത്തിന്റെ അമ്മയാണ് ഞാൻ." അൽപോൻസിൻ പറഞ്ഞു. "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു. രക്ഷകനെ ഞങ്ങൾക്കു നൽകിയ രക്ഷകന്റെ അമ്മയേയും." പടങ്ങളിൽ കാണുന്നപോലെ അത്രയും വെള്ളനിറം മാതാവിനുണ്ടായിരുന്നില്ലെന്നും എന്നാൽ വളരെ സുന്ദരിയായിരുന്നു എന്നും കാലിൽ ചെരിപ്പില്ലായിരുന്നു എന്നും വെള്ള ഡ്രസ്സാണ് ധരിച്ചിരുന്നതെന്നും തലയിൽ വെളുത്ത തുണി ഉണ്ടായിരുന്നെന്നും അവൾ സാക്ഷ്യപ്പെടുത്തുന്നു. അവളുടെ കൂട്ടുകാരികൾ ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു. "ഈ ദർശനമുണ്ടായ സമയത്ത് അൽഫോൻസിൻ പല ഭാഷകൾ (ഫ്രെഞ്ച്, ഇംഗ്ലീഷ്) സംസാരിച്ചിരുന്നു." പരിശുദ്ധ അമ്മ പോകാൻ തുടങ്ങിയപ്പോൾ അൽഫോൻസിൽ മൂന്ന് നന്മനിറഞ്ഞമറിയം എന്ന ജപവും, പരിശുദ്ധാത്മാവെ വരിക എന്ന പ്രാർത്ഥനയും ചൊല്ലി. യേശുവിനെപ്പോലെ അമ്മ സ്വർഗ്ഗത്തിലേക്ക് കരേറുന്നത് കണ്ടതായി അവൾ പറഞ്ഞു. ദർശനം അവസാനിച്ചപ്പോൾ 15 മിനിട്ടോളം അവൾ തളർന്നവളെ പോലെയായി. അവളുടെ അദ്ധ്യാപകർ ഈ ദർശനം വിശ്വസിച്ചില്ല. അവൾക്ക് അസുഖമാണെന്ന് അവർ വിധിയെഴുതി.

അടുത്ത ദിവസം നവംബർ 29ന് ദർശനം വീണ്ടും ആവർത്തിക്കപ്പെട്ടു. ഡിസംബർ മാസത്തിൽ എല്ലാ ശനിയാഴ്ചകളിലും ഇതുണ്ടായി. ഒരിക്കൽ ദർശനസമയത്ത് അദ്ധ്യാപകരും കുട്ടികളും ഒരുമിച്ചു കൂടി. അവളെ സൂചികൊണ്ട് കുത്തുകയും അവളുടെ മേൽ തീ കത്തിച്ച് ചൂടാക്കുകയും ചെയ്തു. എന്നാൽ അവൾ ഇതൊന്നും ആ സമയത്ത് അറിഞ്ഞതേ ഇല്ല. എങ്കിലും അവർ വിശ്വസിച്ചില്ല. അവൾക്ക് ഇതുമൂലം പല പീഢനങ്ങളും ഏൽക്കേണ്ടി വന്നു. അവർ അവളെ പരിഹസിച്ചു. "ദേ ദർശനക്കാരി വന്നിരിക്കുന്നു" എന്നാണ് അവർ പറഞ്ഞിരുന്നത്.

1982 മേയ് 8നുണ്ടായ ദർശനത്തിൽ അവൾ പരിശുദ്ധ അമ്മയോട് ഇതിനെക്കുറിച്ച് പരാതിപ്പെട്ടു. തുടർന്ന് സ്വർഗ്ഗത്തിൽ നിന്ന് പല അടയാളങ്ങളും സാക്ഷ്യത്തിനായി അവർക്കു നൽകപ്പെട്ടു. അവരെല്ലാം തങ്ങളുടെ കൊന്തകൾ ആശിർവദിക്കുന്നതിനായി അവളുടെ കൈയിൽ കൊടുത്തു വിട്ടു. അവൾ പരിശുദ്ധ അമ്മയ്ക്ക് നൽകി. അവിടെ ഒരു നക്ഷത്രവും മിന്നുന്ന പ്രകാശവും ഉണ്ടായി. ഇത് എല്ലാവർക്കും കാണാൻ സാധിച്ചു. ആദ്യത്തെ ദർശനം ഊണുമുറിയിൽ വച്ചാണ് ഉണ്ടായതെങ്കിൽ തുടർന്നുള്ള ദിവസങ്ങളിൽ അവളുടെ മുറിയിൽ വെച്ചാണ്

ഉണ്ടായത്. അടുത്ത ദർശനത്തിനുള്ള ദിവസം പരിശുദ്ധ അമ്മ മുൻകൂട്ടി പറഞ്ഞിരുന്നു.

ഈ വാർത്തകളെല്ലാം റുവാൻഡയിൽ അതിവേഗം വ്യാപിച്ചു. ദർശനസമയങ്ങൾ വലിയ ജനക്കൂട്ടമായിരുന്നു അവിടെ. ബിഷപ്പിന്റെ ആഗ്രഹപ്രകാരം, അൽഫോൻസിൻ ഈ വിവരങ്ങൾ സ്കൂളിന്റെ ഡയറക്ടറെ അറിയിച്ചു. തുടർന്ന് ദർശനങ്ങൾ സ്കൂൾ ഗ്രൗണ്ടിലാണ് ഉണ്ടായത്, കുട്ടികളെയും അൽഫോൻസിനേയും മാത്രം ഉദ്ദേശിച്ചിട്ടുള്ള ദർശനങ്ങൾ മാത്രമെ പിന്നെ അകത്തെ മുറികളിൽ വച്ചുണ്ടായുള്ളൂ. സാവധാനത്തിൽ പരിശുദ്ധ അമ്മ സ്കൂളിലെ കുട്ടികളെ ഉപദേശിക്കാനും പഠിപ്പിക്കാനും തുടങ്ങി. ഒരു അമ്മയുടെ വാത്സല്യത്തോടെയാണ് അവൾ പഠിപ്പിച്ചിരുന്നത്. പരിശുദ്ധ അമ്മ ആ സ്കൂളിന്റെ രാജ്ഞിയായി മാറി. അവൾ എല്ലാ സ്കൂളിന്റെയും രാജ്ഞിയായി മാറണം. സ്കൂളുകളിൽ അക്കാലത്ത് ദൈവത്തെക്കുറിച്ച് പഠിപ്പിക്കാറില്ലായിരുന്നു. ദൈവം ഇല്ല എന്നുവരെ കുട്ടികളെ പഠിപ്പിച്ചിരുന്നു. അങ്ങിനെയൊരു സമയത്താണ് പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെടുന്നത്. അവിടുത്തെ അദ്ധ്യാപകരിലും കുട്ടികളിലും പിന്നീട് വലിയ മാറ്റങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. പരിശുദ്ധ അമ്മ ആ സ്കൂളിൽ വന്നത്, ദൈവിക നിയമങ്ങൾ അനുസരിച്ചാൽ കുട്ടികൾ എത്രകണ്ട് നല്ലവരാകും എന്ന് ലോകത്തിനെ കാണിക്കാനാണ്. എല്ലാ സ്കൂളും ഇതുപോലെ ആകണമെന്ന് അമ്മ ആഗ്രഹിക്കുന്നു.

ആദ്യത്തെ ദർശനത്തിനുശേഷം, അതിൽ അവിശ്വസിച്ച ചില അദ്ധ്യാപകരും കുട്ടികളും പറഞ്ഞു. “പരിശുദ്ധ അമ്മ അൽഫോൻസിനല്ലാതെ മറ്റുള്ളവർക്കു കൂടി ദർശനം നൽകിയാൽ ഞങ്ങൾ വിശ്വസിക്കാം” എന്ന് അൽഫോൻസ് അവരോട് പറഞ്ഞിരുന്നു. “നിങ്ങൾ ഇതിനുവേണ്ടി പ്രാർത്ഥിക്കണം എന്ന്.”

## മറ്റു രണ്ടു പേർക്ക് കിട്ടിയ ദർശനം

പരിശുദ്ധ അമ്മ അവരുടെ പ്രാർത്ഥന കേട്ടു. 1982 ജനുവരി 12ന് അനാത്തലി മുകമാസിപക  ഒരു ചെറിയ പെൺകുട്ടിക്ക് പ്രത്യക്ഷപ്പെട്ടു. 1983 ഡിസംബർ 3 വരെ ഈ ദർശനം തുടർന്നു.

1982 മാർച്ച് 2ന് പരിശുദ്ധ അമ്മ മേരി ക്ലെയർ മുകാൻ ഗാഗോയ്ക്ക് പ്രത്യക്ഷപ്പെട്ടു. ആ സ്കൂളിൽ, അൽഫോൻസിന്റെ ദർശനങ്ങളെ ഏറ്റവും ശക്തമായി എതിർത്തവളായിരുന്നു മേരി. അവളുടെ ക്രിസ്തീയ ജീവിതം നാമമാത്രമായുള്ളതായിരുന്നു. ഒട്ടും മാതൃകാപരമായിരുന്നില്ല. അവൾ അൽഫോൻസിനെ ‘വിഡ്ഢി’ എന്നാണ് വിളിച്ചിരുന്നത്. ഇതുകൊണ്ടെല്ലാം അവൾക്കുണ്ടായ ദർശനം സ്കൂളിൽ വലിയ ഒരു സംഭവമായിരുന്നു. അനേകം പേർ ആഴമേറിയ ദൈവവിശ്വാസമുള്ളവരായി മാറി. തന്റെ സന്ദേശം പ്രചരിപ്പിക്കുവാൻ പരിശുദ്ധ അമ്മ അവളെയാണ് തിരഞ്ഞെടുത്തത്. അന്നുമുതൽ മേരി പറയുമായിരുന്നു “മനസ്താപത്തിലേക്ക് വരണമെങ്കിൽ ഒരുവൻ യേശുവിന്റെ പീഢാനുഭങ്ങളെക്കുറിച്ചും, അമ്മയുടെ വ്യാകുലങ്ങളെക്കുറിച്ചും ധ്യാനിക്കണം, എല്ലാ ദിവസവും കൊന്ത ചൊല്ലണം. മാതാവിന്റെ ഏഴു വ്യാകുലങ്ങളെക്കുറിച്ചുള്ള കൊന്തയും മുടങ്ങാതെ ചൊല്ലണം.” 1982 സെപ്റ്റംബർ 15 വരെ മേരിക്ക് ദർശനങ്ങളുണ്ടാകാറുണ്ട്. അവളാണ് ഏഴ് വ്യാകുലങ്ങളുടെ കൊന്ത നമുക്കു നിർദ്ദേശിച്ചു തന്നത്. 1994ലെ യുദ്ധത്തിൽ അവൾ കൊല്ലപ്പെട്ടു.

## വെള്ളത്തിന്റെ ആശിർവാദം

1982 ജനുവരിയിലും ഫെബ്രുവരിയിലും പൈശാചികമായ ചില സംഭവങ്ങൾ ഹോസ്റ്റലിൽ ഉണ്ടായി. അതിൽനിന്നും രക്ഷ നേടുന്നതിനുവേണ്ടി അവർ ലൂർദ്ദിലെ വെള്ളം തെളിച്ചിരുന്നു. ആ വെള്ളം കഴിഞ്ഞപ്പോൾ അവർ അനാത്തലിയോട് പരിശുദ്ധ അമ്മയിൽനിന്ന് ദർശനസമയത്ത് വെള്ളം ആശിർവദിച്ച് വാങ്ങുവാൻ ആവശ്യപ്പെട്ടു. 1982 മാർച്ച് 2നായിരുന്നു ഇത്. അന്നുമുതൽ കിബെഹൊയിൽ ദർശനസമയങ്ങളിൽ ഇങ്ങനെ വെള്ളം ആശിർവദിച്ച് വാങ്ങിയിരുന്നു. ഈ മൂന്നു പേർക്കും (അൽഫോൻസി, അനാത്തലി, മേരി ക്ലെയർ) കിട്ടിയ ദർശനങ്ങൾ സഭ അംഗീകരിക്കുന്നു.

## ദർശനം ലഭിച്ച കിബെഹൊയിലെ മറ്റു ചില സ്ഥലങ്ങൾ

മേരിക്കു കിട്ടിയ ദർശനങ്ങൾ 1982 ജനുവരി 16 വരെ എല്ലാം സ്കൂൾ ഹോസ്റ്റലിലും, സ്കൂൾ ചാപ്പലിലും ആയിരുന്നു. അവിടെയെല്ലാം അമ്മ സ്കൂൾ കാര്യങ്ങളെക്കുറിച്ചാണ് പറയാറുള്ളത്. ഇവിടെ സ്കൂളിലുള്ളവർക്ക് മാത്രമെ പ്രവേശനം ഉണ്ടായിരുന്നുള്ളൂ. പൊതുജനത്തിന് അനുവാദമില്ലായിരുന്നു. പിന്നീട് ദർശനങ്ങൾ സ്കൂൾ ഗ്രൗണ്ടിലായി. ഇവിടെ പൊതുജനത്തിന് പ്രവേശനാനുമതി ഉണ്ടായിരുന്നു. മേരിയുടെ സംഭാഷണം അവർക്ക് കേൾക്കാനും റെക്കോർഡ് ചെയ്യാനും കഴിയുമായിരുന്നു. എന്നാൽ പരിശുദ്ധ അമ്മയുടേത് അവർക്ക് കാണാനും കേൾക്കാനും സാധിക്കുമായിരുന്നില്ല. ജനങ്ങൾ നാൾക്കുനാൾ കൂടുതലായി ഇവിടേക്ക് വരുവാൻ തുടങ്ങി. പ്രത്യേകിച്ച് 1982ൽ മാതാവിന്റെ മാസമായ മേയിൽ വമ്പിച്ച ജനാവലി ദർശനസ്ഥലത്ത് തടിച്ചുകൂടി. 1982 ആഗസ്റ്റ് 15ന് ഇരുപതിനായിരത്തോളം ജനങ്ങളാണ് അവിടെ വന്നത്.

ഒരു ദർശനത്തിനൊടുവിൽ മാതാവ് അവരോട്, ജനക്കൂട്ടത്തെ ആശിർവദിക്കാൻ പറഞ്ഞു. അവർ ആനന്ദനിർവൃതിയിലായിരുന്നു. അവർക്കു ജനക്കൂട്ടത്തെ കാണുവാൻ സാധിക്കുമായിരുന്നില്ല. മറിച്ച് പൂക്കളുടെ ഒരു പൂന്തോട്ടം മാത്രമേ കാണാൻ സാധിച്ചുള്ളൂ. അതിൽ ഇപ്പോൾ വിരിഞ്ഞ പൂക്കളും, വാടിയ പൂക്കളും ഉണ്ടായിരുന്നു. അമ്മ അവരോട് ചെടികളെ നനക്കാൻ പറഞ്ഞു. അമ്മ പറഞ്ഞു. ദൈവത്തിലേക്ക് കൂടുതൽ അടുത്തിരിക്കുന്നവരാണ് വാടാത്ത പൂക്കൾ. വാടിയ പൂക്കളാകട്ടെ ലോകസുഖങ്ങൾക്ക് പ്രത്യേകിച്ച് പണത്തിന്റെ പിന്നാലെ പോകുന്നവരെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നും അമ്മ പറഞ്ഞു.

## നിഗൂഢമായ യാത്രകൾ

1982 മാർച്ച് 20നും 21നും അൽഫോൻസിനാണ് ഈ യാത്ര ഉണ്ടായത്. തന്റെ മേലധികാരിയോടും കൂട്ടുകാരികളോടും അവൾ ഇത് മുൻകൂട്ടി പറഞ്ഞിരുന്നു. “ഞാൻ മരിച്ചതുപോലെയായി തീരും. എന്നാൽ ഭയപ്പെടേണ്ട. എന്നെ സംസ്കരിക്കുകയും വേണ്ട.” 18 മണിക്കൂറോളം ഈ യാത്ര തുടർന്നു. വൈദികർ, സന്യാസിനികൾ, റെഡ്ക്രോസ് സംഘടനയിൽ നിന്നുള്ള മെഡിക്കൽ സഹായികൾ എല്ലാവരും കാൺകെ അൽഫോൻസ് ഗാഢനിദ്രയിലായി. അവളുടെ കൈ വിടർത്താനോ അവളെ ഉയർത്താനോ ആർക്കും പറ്റിയില്ല. ഈ യാത്രയ്ക്കിടയിൽ പരിശുദ്ധ അമ്മ അവൾക്ക് സ്വർഗ്ഗം, ശുദ്ധീകരണ സ്ഥലം, നരകം ഇവ കാണിച്ചു കൊടുത്തു.

ഉപവാസത്തിനുള്ള ആഹ്വാനവും നിശ്ശബ്ദമായി കുറെ ദിവസം ഇരിക്കാനുള്ള ആഹ്വാനവും അൽഫോൻസ് അനുസരിച്ചു. തന്റെ ആരോഗ്യത്തെ ഒട്ടും ബാധിക്കാതെ 14 ദിവസം വരെ ഒന്നും കഴിക്കാതെ അവൾ ഉപവസിച്ചു. ഒരിക്കൽ ദർശനത്തിനിടയിൽ (ഒക്ടോബർ 2) അവൾ ഏഴു പ്രാവശ്യം വീണു. വീണു കിടന്നിട്ടും അവൾ പാടുകയും പ്രാർത്ഥിക്കുകയും ചെയ്തു. അവളുടെ പ്രാർത്ഥനകളിൽ വൈദിക ദൈവവിളിക്കുവേണ്ടിയും പ്രാർത്ഥിച്ചിരുന്നു. എല്ലായിടത്തും അസമാധാനമാണെന്നും സമാധാനം സ്ഥാപിക്കണമെന്നും അവൾ പ്രാർത്ഥിച്ചു. അവസാനമായി വാൻഡയിലെ ബിഷപ്പുമാർ, ഭരണാധിപന്മാർ, മുഴുവൻ ലോകജനതകളും അവളുടെ പ്രാർത്ഥനയിൽ സ്ഥലം നേടി.

## രണ്ട് ആരാധനാലയങ്ങൾ

1982 ആഗസ്റ്റ് 5ന് അമ്മ അനാത്തലിയോടു പറഞ്ഞു. ഞാൻ നിന്നോട് എത്രയാ സംസാരിച്ചത്. നീ അതൊന്നും കേൾക്കുന്നില്ല. നീ ബധിരയെപ്പോലെ ഇരിക്കുന്നു. ഇങ്ങനെ സ്ഥിരമായി അമ്മ പരാതി പറയാറുണ്ടായിരുന്നു. ഈ പരാതിമൂലം അനാത്തലി മേലധികാരികളോട് പ്രാർത്ഥനാലയം പണിയണമെന്ന് ആവശ്യപ്പെട്ടു. ബിഷപ്പുമാർക്കെല്ലാം ദർശനത്തിൽ വിശ്വാസമുണ്ടായിരുന്നെങ്കിലും പിന്നെയും തെളിവെടുപ്പുകൾ തുടർന്നു.

## പശ്ചാത്താപം

1982 ഏപ്രിൽ 2ന് മേരിയുമായി നടത്തിയ സംഭാഷണത്തിൽ പശ്ചാത്തപിക്കുക എന്ന് മൂന്നു തവണ പറഞ്ഞു. മേരി, മറുപടി പറഞ്ഞു. ഞാൻ പശ്ചാത്തപിക്കുന്നു. അപ്പോൾ അമ്മ പറ

ഞ്ഞു. ഞാൻ ഇത് നിന്നോടു മാത്രമല്ല, ലോകത്തിലെ എല്ലാവരോടുമാണ് പറയുന്നത്. തെറ്റു ചെയ്യുന്ന പലർക്കും അത് തെറ്റാണെന്ന ബോദ്ധ്യമില്ല. പാപബോധമുണ്ടാകുവാൻ മാതാവിന്റെ ഏഴ് വ്യാകുലങ്ങളുടെ കൊന്ത ചൊല്ലാൻ അമ്മ ആവശ്യപ്പെട്ടു. ഇന്ന് ജനം പാപം ചെയ്ത് എന്റെ മകനെ വീണ്ടും ക്രൂശിൽ തറയ്ക്കുന്നു. യേശുവിന്റെ കുരിശുമരണദിവസമായ വെള്ളിയാഴ്ച, മേരിക്കുണ്ടായ ആദ്യ ദർശനത്തിന്റെ ഓർമ്മയ്ക്കായി ചൊവ്വാഴ്ച, സെപ്റ്റംബർ 14 (വി. കുരിശിന്റെ തിരുനാൾ) സെപ്റ്റംബർ 15 (ഏഴ് വ്യാകുലങ്ങളുടെ അമ്മയുടെ തിരുന്നാൾ) – ഈ ദിവസങ്ങളിലെല്ലാം വ്യാകുല കൊന്ത ചെല്ലുന്നത് നല്ലതാണ്. എല്ലാ ദിവസവും ചൊല്ലുന്നതും ഉചിതമാണ് എന്നെല്ലാം അമ്മ, മേരി ക്ലെയറിനോട് പറഞ്ഞു.

### നയതന്ത്രജ്ഞർക്കുള്ള ഒരു സന്ദേശം

രാജ്യത്തെ ഭരിക്കുന്നവർ ജനങ്ങളെ പീഡിപ്പിക്കാതെ, രക്ഷിക്കാൻ അമ്മ ആവശ്യപ്പെടുന്നു. ജനങ്ങളെ കൊള്ളയടിക്കാതെ അവരുമായി പങ്കുവെയ്ക്കുക. നിങ്ങൾ ദൈവത്തിനെതിരെ പ്രവർത്തിക്കരുത്. മനുഷ്യന്റെ അവകാശങ്ങളെ സംരക്ഷിച്ചു കൊടുക്കണം എന്നെല്ലാം അമ്മ ഭരണാധിപൻമാരോട് അനുശാസിച്ചു.

### അസാധാരണമായ പ്രതിഭാസം

കിബെഹോവിലെ ജനങ്ങൾ പല അസാധാരണ പ്രതിഭാസങ്ങൾക്കും സാക്ഷിയായിട്ടുണ്ട്. സൂര്യൻ ഇടത്തുനിന്ന് വലത്തോട്ട് ആടി നൃത്തം ചെയ്യുന്നതായും, മുകളിലേക്കും താഴേക്കും വരുന്നതായും 10 മിനിട്ടോളം കണ്ടിട്ടുണ്ട്. സൂര്യൻ ഇടയ്ക്ക് അപ്രത്യക്ഷമാകുന്നതും പെട്ടെന്ന് പച്ചനിറത്തിൽ ചന്ദ്രൻ പ്രത്യക്ഷപ്പെടുന്നതും നക്ഷത്രങ്ങളുടെ നൃത്തവും ജനങ്ങൾ കിബെഹോയിൽ കണ്ടിട്ടുണ്ട്.എന്നാൽ അവിടുത്തെ ഏറ്റവും വലിയ അത്ഭുതം അനേകരുടെ മാനസാന്തരമാണ്.

### ബിഷപ്പ് ജീൻ ബാപ്റ്റിസ്റ്റ്

ബുട്ടയറിലെ ബിഷപ്പായിരുന്ന ജീൻ ബാപ്റ്റിസ്റ്റ 1982 ജനുവരി ആദ്യത്തിൽ അൽഫോൻസിനോട് ഇങ്ങനെ ആവശ്യപ്പെട്ടു.

1. യുവതിയോട് അവരുടെ പേര് ചോദിക്കണം, ആർക്കുള്ളതാണ് സന്ദേശങ്ങൾ എന്ന് ചോദിക്കണം.
2. അവളുടെ സന്ദേശത്തിന് കൂടുതൽ വ്യക്തത വേണമെന്ന് പറയണം.
3. ധാരാളം ആളുകൾ കാണാവുന്ന വിധത്തിൽ പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെടണം.

പരിശുദ്ധ അമ്മ പിന്നീട് അനേകർക്ക് ഒത്തുകൂടാൻ പറ്റുന്ന സ്കൂൾ ഗ്രൗണ്ടിൽ പ്രത്യക്ഷപ്പെട്ടു. പരിശുദ്ധ അമ്മ പറഞ്ഞു. ജനങ്ങൾ മുഴുവൻ പ്രാർത്ഥനയിലൂടെയും കുമ്പസാരത്തിലൂടെയും മാനസാന്തരത്തിലേക്കു കടന്നുവരണം.

പരിശുദ്ധ അമ്മ അവളുടെ പേരും പറഞ്ഞു. 'വചനത്തിന്റെ അമ്മ.'

പരിശുദ്ധ ത്രിത്വത്തോടുള്ള പ്രാർത്ഥനയും വേണമെന്ന് അമ്മ ആവശ്യപ്പെട്ടു.

### പിന്നീട് 1994 ഉണ്ടായ യുദ്ധത്തെപ്പറ്റി ഒരു വീക്ഷണം

1990ൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ റുവാൻഡ സന്ദർശിച്ചപ്പോൾ മാതാവിനോട് ഭക്തിയുണ്ടാകേണ്ടതിനെപ്പറ്റിയും, രാഷ്ട്രീയ, സാമൂഹ്യതലങ്ങളിലെ വിഭജനങ്ങൾക്കെതിരെ അമ്മയുടെ മാദ്ധ്യസ്ഥം തേടേണ്ടതിനെപ്പറ്റിയും അനുശാസിച്ചിരുന്നു. എന്നാൽ 1994ലെ യുദ്ധമാണ് ഈ ദർശനങ്ങൾക്ക് പൂർണ്ണമായും വിശ്വാസ്യത ഉണ്ടാക്കിയത്. കാരണം 1982 ആഗസ്റ്റ് 19ന് മാതാവിന്റെ ദർശനത്തിൽ (ദർശനം കണ്ട) കുട്ടികൾ രക്തം നിറഞ്ഞു കിടക്കുന്ന ഒരു നദിയും, ജനങ്ങൾ പരസ്പരം കൊല്ലുന്ന കാഴ്ചയും, ശവശരീരങ്ങൾ ഉപേക്ഷിച്ചിട്ടു പോകുന്നതും, തല ശരീരത്തിൽ നിന്നും വേറിട്ടി കിടക്കുന്ന അനേകരെയും കണ്ടിരുന്നു. അമ്മയുടെ സന്ദേശവും ഈ യുദ്ധത്തെപ്പറ്റി അന്നുണ്ടായിരുന്നു. ആ സന്ദേശമാണ് 12 കൊല്ലത്തിനുശേഷം 1994ൽ ഉണ്ടായത്. റുവാൻഡയിൽ ഉണ്ടായ ഈ ആഭ്യന്തരയുദ്ധത്തിൽ 3 മാസം കൊണ്ട് ഏകദേശം 5 ലക്ഷത്തിനും 10 ലക്ഷത്തിനുമിടയിൽ ജനങ്ങൾ കൊല്ലപ്പെട്ടു. ഇവരിൽ പലരുടെയും

തല വെട്ടപ്പെട്ട രീതിയിൽ പുഴയിൽ കണ്ടെത്തിയിരുന്നു. പരിശുദ്ധ അമ്മ പ്രവചിച്ചത് അക്ഷരം പ്രതി നിവൃത്തിയായി.

കിബെഹോയിൽ പരിശുദ്ധ അമ്മ ലൈംഗിക അരാജകത്വത്തിനെതിരെ സൂചന നൽകിയിരുന്നു. ലോകം ലൈംഗിക അരാജകത്വത്തിന്റെ ഫലമായ 'എയ്ഡ്സ്' രോഗത്തെ പറ്റി അറിയുന്നതിനു കുറെ മുമ്പാണ് അമ്മ ഇത് വെളിപ്പെടുത്തിയത്. 1994ലെ കണക്കനുസരിച്ച് ലോകത്തിലെ 'എയ്ഡ്സ്' രോഗികളിൽ 70 ശതമാനവും ഈ ആഫ്രിക്കയിലായിരുന്നു. ലോകം ദൈവത്തിനെതിരായി യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നും ദാരുണമായ വിപത്തിന്റെ വക്കത്താണ് ലോകം എന്നും അമ്മ ദർശനത്തിൽ മേരി ക്ലെയറിനോട് പറഞ്ഞിരുന്നു. ഈ മേരി ക്ലെയറും ഈ യുദ്ധത്തിൽ കൊല്ലപ്പെട്ടു.

ലോകത്തിലെ യുദ്ധങ്ങൾ ഒഴിവാക്കാൻ പ്രാർത്ഥനയും ഉപവാസവും പ്രായശ്ചിത്തവും ചെയ്യാൻ മുഴുവൻ ലോകജനതയോടും അമ്മ ആവശ്യപ്പെട്ടു.

യുദ്ധം ഒഴിവാകാൻ വേണ്ടി പ്രാർത്ഥിക്കുക. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുക, കുമ്പസാരത്തിന് കൂടെ കൂടെ അണയുക, ആഴമേറിയ അനുതാപത്തോടെ പാപങ്ങൾ ഏറ്റുപറയുക, എല്ലാ ഞായറാഴ്ചയും കുർബ്ബാനയിൽ പങ്കെടുക്കുക, യേശുവിന്റെ ജീവിതത്തിലെ വിവിധ രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് പ്രാർത്ഥിക്കുക, ബൈബിളുമായി ബന്ധപ്പെട്ട യേശുവിനെ കണ്ടെത്തുക, മാതാവിന്റെ ഏഴ് വ്യാകുലങ്ങളെക്കുറിച്ച് പ്രാർത്ഥിച്ച് മാതാവിനോടൊപ്പമായിരിക്കുക, നമ്മെ രക്ഷിക്കാൻ യേശുവിനോടൊപ്പം നിന്നുകൊണ്ട് സഹരക്ഷകയായി തീർന്നവളാണ് പരിശുദ്ധ അമ്മ എന്ന് മനസ്സിലാക്കുക – ഇവയെല്ലാം ചെയ്തുകൊണ്ട് പരിശുദ്ധ അമ്മയുടെ ദർശനത്തിലെ ആഹ്വാനങ്ങൾക്ക് നാം മറുപടി പറയണം.